REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-04-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ജമ്മു കശ്മീരിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ സന്ദർശനം ആരംഭിച്ചു.**
- **ഭീകരരുടെ വെടിയേറ്റു മരിച്ച ഇടപ്പള്ളി സ്വദേശി N രാമചന്ദ്രന് ആയിരങ്ങളുടെ അന്ത്യാഞ്ജലി.**
- **ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാരത്തിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു വത്തിക്കാൻ സിറ്റിയിലേക്ക് യാത്ര തിരിച്ചു.**
- **സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1,396 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.**

## വാർത്തകൾ വിശദമായി

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ ജമ്മു കശ്മീർ സന്ദർശനം ആരംഭിച്ചു. മേഖലയിലെ സുരക്ഷാ സ്ഥിതിഗതികൾ അദ്ദേഹം അവലോകനം ചെയ്തു.

സൈനിക കമാൻഡർമാർ സൈന്യം സ്വീകരിച്ച ഭീകരവിരുദ്ധ നടപടികളെക്കുറിച്ച് സേനാമേധാവിയോട് വിശദീകരിച്ചു.

ഭീകരാക്രമണവുമായി ബന്ധപ്പെട്ട മൂന്ന് ലഷ്കർ ഭീകരരെ കുറിച്ച് വിവരം നൽകുന്നവർക്ക് 20 ലക്ഷം രൂപ വീതം പാരിതോഷികം നൽകുമെന്ന് ജമ്മു കശ്മീർ പോലീസ് പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

ജമ്മു കശ്മീരിലെ ബന്ദിപ്പോഡയിൽ ഭീകരരും സുരക്ഷാ സേനയും തമ്മിൽ ഏറ്റുമുട്ടി. കുൽനാർ ബാസിപ്പോഡ പ്രദേശത്ത് ഭീകരർ ഒളിഞ്ഞിരിപ്പുണ്ടെന്ന രഹസ്യവിവരത്തെ തുടർന്ന് സുരക്ഷാ സേന തിരച്ചിൽ നടത്തുന്നതിനിടെ തീവ്രവാദികൾ സുരക്ഷാ ഉദ്യോഗസ്ഥർക്ക് നേരെ വെടിയുതിർക്കുകയായിരുന്നെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

പാകിസ്ഥാൻ അതിർത്തി രേഖ അബദ്ധത്തിൽ മറികടന്ന BSF ഉദ്യോഗസ്ഥനെ മോചിപ്പിക്കാൻ ശ്രമം തുടരുന്നതായി റിപ്പോർട്ടുകൾ. ഫിറോസ്പൂരിൽ ഇന്ത്യ-പാക് അതിർത്തി ഗേറ്റിന് സമീപം ഇന്ത്യൻ കർഷകരുടെ സുരക്ഷയ്ക്ക് നിയോഗിച്ച സൈനികനാണ് അബദ്ധത്തിൽ അതിർത്തി മറികടന്നത്.

✪✪✪

പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റു മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി N രാമചന്ദ്രന് വിട നൽകാൻ ആയിരങ്ങൾ ഒഴുകിയെത്തി. ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ രാവിലെ എത്തിച്ച മൃതദേഹത്തിൽ സമൂഹത്തിന്റെ നാനാതുറകളിൽ പെട്ടവർ അന്തിമോപചാരം അർപ്പിച്ചു.

സംസ്ഥാന ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, ഗോവ ഗവർണർ PS ശ്രീധരൻപിള്ള, മന്ത്രിമാരായ P രാജീവ്, AK ശശീന്ദ്രൻ, പ്രതിപക്ഷനേതാവ് VD സതീശൻ, ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ഉൾപ്പെടെ അനേകം പേർ രാമചന്ദ്രന് അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു.

മനുഷ്യത്വത്തിന്റെ കശാപ്പാണ് പഹൽഗാമിൽ നടന്നതെന്ന് സംസ്ഥാന ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ അഭിപ്രായപ്പെട്ടു. ഭീകരരുടെ ഇത്തരം ശ്രമങ്ങൾ രാജ്യം ഒറ്റക്കെട്ടായി ചെറുത്ത് തോൽപ്പിക്കുമെന്നും, രാജ്യം ഭീകരർക്ക് അടിയറവ് പറയില്ലെന്നും അദ്ദേഹം പറഞ്ഞു.

ജാതിമത വ്യത്യാസങ്ങൾക്കപ്പുറം ഇത്തരം വെല്ലുവിളികളെ നേരിടാൻ രാജ്യം തയ്യാറാകണമെന്ന് ഗോവ ഗവർണർ PS ശ്രീധരൻ പിള്ള ആവശ്യപ്പെട്ടു. രാജ്യം ഒന്നാമതും, രാഷ്ട്രീയം, മതം, എന്നിവ രണ്ടാമതും ആണെന്ന് ചിന്തിക്കുന്ന ചരിത്രമാണ് ഇന്ത്യയുടേതെന്നും അദ്ദേഹം പറഞ്ഞു.

ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിലെ പൊതു ദർശനത്തിനുശേഷം രാമചന്ദ്രന്റെ മൃതദേഹം സ്വവസതിയിലേക്ക് കൊണ്ടുപോയി. സംസ്കാരം ഉച്ചയോടെ നടത്തും.

സംസ്കാര ചടങ്ങുകൾക്ക് ശേഷം ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിലെ അനുശോചന യോഗത്തിൽ കൊച്ചി മേയറും ജനപ്രതിനിധികളും പങ്കെടുക്കും.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രണ്ട് ദിവസത്തെ സന്ദർശനത്തിന് തമിഴ്നാട്ടിലെത്തി. സംസ്ഥാന - കേന്ദ്ര - സ്വകാര്യ സർവകലാശാലകളിലേയും കോളേജുകളിലേയും വൈസ് ചാൻസലർമാരുടെ ദ്വിദിന ദേശീയ സമ്മേളനം ഉപരാഷ്ട്രപതി ഇന്ന് ഉദ്ഘാടനം ചെയ്യും. വൈകിട്ട് മുത്തിന മഡ്തോട ക്ഷേത്ര ദർശനത്തിന് ശേഷം ഉപരാഷ്ട്രപതി മുതുമല കടുവാ സങ്കേതവും ആനത്താവളവും സന്ദർശിക്കും. മറ്റന്നാൾ കോയമ്പത്തൂരിൽ തമിഴ്നാട് കാർഷിക സർവകലാശാലയിലെ കാർഷിക സമ്മേളനത്തിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

രാജ്യത്തെ എല്ലാ തിരഞ്ഞെടുപ്പുകളും നിയമപ്രകാരമാണ് നടക്കുന്നതെന്നും, തിരഞ്ഞെടുപ്പ് പ്രക്രിയകളുടെ വ്യാപ്തിയും കൃത്യതയും ലോകമെമ്പാടും പ്രശംസിക്കപ്പെട്ടതാണെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

വോട്ടർ പട്ടിക തയ്യാറാക്കൽ, പോളിംഗ്, വോട്ടെണ്ണൽ എന്നിവയുൾപ്പെടെ എല്ലാ നടപടിക്രമങ്ങളും ഗവൺമെന്റ് ജീവനക്കാരാണ് നടത്തുന്നതെന്നും കമ്മീഷൻ വ്യക്തമാക്കി. പോളിംഗ് സ്റ്റേഷൻ മുതൽ നിയോജകമണ്ഡല തലം വരെ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും നിയമിക്കുന്ന ഔദ്യോഗിക പ്രതിനിധികളുടെ സാന്നിധ്യത്തിലാണ് തെരഞ്ഞെടുപ്പ് പ്രക്രീയയെന്നും കമ്മീഷൻ അറിയിച്ചു.

നിയമാനുസൃതം നടത്തുന്ന തെരഞ്ഞെടുപ്പിനെതിരെ പ്രചരിപ്പിക്കുന്ന തെറ്റായ വിവരങ്ങൾ നിയമത്തോടു കാണിക്കുന്ന അനാദരവാണെന്നും കമ്മീഷൻ ഓർമ്മപ്പെടുത്തി.

വിധിക്ക് ശേഷം, തിരഞ്ഞെടുപ്പ് കമ്മീഷനെ അപകീർത്തിപ്പെടുത്താൻ ചില രാഷ്ട്രീയ പാർട്ടികളും വ്യക്തികളും ശ്രമിക്കുന്നത് അസംബന്ധമാണെന്നും കമ്മീഷൻ വ്യക്തമാക്കി.

✪✪✪

കേരളത്തിന്റെ വികസനത്തിനും, അഴിമതിക്കെതിരെയുമാണ് സംസ്ഥാനത്തെ BJP യുടെ പ്രവർത്തനമെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

വികസനം വാഗ്ദാനം ചെയ്ത് ഓടിപ്പോകുന്നതല്ല BJPയുടെ രാഷ്ട്രീയം എന്നും അത് പാർട്ടിയുടെ ലക്ഷ്യവും സങ്കല്പവുമാണെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു. BJP കോർ കമ്മിറ്റി അംഗങ്ങളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കണ്ണൂരിൽ ആദ്യമായി എത്തിയ രാജീവ് ചന്ദ്രശേഖറിന് രാജ്യാന്തര വിമാനത്താവളത്തിൽ BJP ജില്ലാ ഭാരവാഹികൾ സ്വീകരണം നൽകി.

രാവിലെ പയ്യാമ്പലത്തെ KG മാരാർ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയ്ക്ക് ശേഷം കണ്ണൂർ യുദ്ധ സ്മാരകത്തിൽ രാജീവ് ചന്ദ്രശേഖർ പുഷ്പചക്രം അർപ്പിച്ചു. വൈകിട്ട് വികസിത കേരളം കൺവെൻഷൻ തലശ്ശേരിയിൽ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാരത്തിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിന് വത്തിക്കാൻ സിറ്റിയിലേക്ക് യാത്ര തിരിച്ചു. നാളെ ലോകത്തെ പ്രമുഖർ പങ്കെടുക്കുന്ന സംസ്കാര കുർബാനയിലും രാഷ്ട്രപതി പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

പാപ്പയ്ക്ക് അന്ത്യോപചാരം അർപ്പിയ്ക്കാൻ പതിനായിരങ്ങൾ വത്തിക്കാനിലെ സെൻ്റ് പീറ്റേഴ്സ് ബസലിക്കയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. നാളെ വരെയാണ് പൊതുദർശനം.

നാളെ ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒന്നരയോടെ സംസ്കാര ശുശ്രൂഷകൾ ആരംഭിക്കും. മാർപ്പാപ്പയുടെ അഭിലാഷപ്രകാരം റോമിലെ സെൻ്റ് മേരി മേജർ ബസലിക്കയിലാണ് പോപ്പിന് കബറിടം ഒരുക്കുന്നത്.

✪✪✪

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1,396 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ഈ സാമ്പത്തിക വർഷത്തെ മെയ്ൻ്റനൻസ് ഗ്രാൻ്റ് ഒന്നാം ഗഡുവാണ് അനുവദിച്ചത്. ഗ്രാമപഞ്ചായത്തുകൾക്ക് 878 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 76 കോടി രൂപയും നീക്കി വെച്ചതായും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു. ജില്ലാ പഞ്ചായത്തുകൾക്ക് 165 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 194 കോടി രൂപയും കോർപ്പറേഷനുകൾക്ക് 83 കോടി രൂപയും ലഭിക്കും. തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയിലെ റോഡുകൾ ഉൾപ്പെടെ ആസ്തി പരിപാലനത്തിന് തുക വിനിയോഗിക്കാമെന്നും മന്ത്രി

പറഞ്ഞു. ഈ മാസം ആദ്യം 2,228 കോടി രൂപ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്നു.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ചെന്നൈ MM ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കോഴിക്കോട് സാമൂതിരി ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ വേനലവധി ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് തുടങ്ങുന്നു. 10 മുതൽ 15 വരെ പ്രായക്കാരായ ആൺകുട്ടികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം. മുൻ മോഹൻ ബഗാൻ താരവും, ഗോകുലം FC റിസർവ് ടീം അസിസ്റ്റന്റ് കോച്ചുമായ വാഹിദ് സാലിയുടെ നേതൃത്വത്തിലാണ് ക്യാമ്പ്.

✪✪✪

വയനാട്ടിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മേപ്പാടി എരുമക്കൊല്ലി സ്വദേശി അർമുഖന്റെ മൃതദേഹം ഇന്ന് പോസ്റ്റ് മോർട്ടം നടത്തും. ബത്തേരി താലൂക്ക് ആശുപ്രതിയിലാണ് പോസ്റ്റ് മോർട്ടം നടപടികൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്.

✪✪✪

വയനാട്ടിൽ വീടിന് നേരെ കാട്ടാനയാക്രമണം ഉണ്ടായി. ബത്തേരി വള്ളുവാടി കുളത്തൂർകുന്ന് മലയക്കുളങ്ങര ബെന്നിയുടെ വീടാണ് പുലർച്ചെ കാട്ടാന ആക്രമിച്ചത്. പ്രദേശത്തെ കൃഷികളും ആന നശിപ്പിച്ചു.

✪✪✪

വയനാട്ടിലെ കാട്ടാന ആക്രമണത്തിന് അടിയന്തരമായി പരിഹാരം കാണണമെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കോഴിക്കോട്ട് ആവശ്യപ്പെട്ടു. വന്യമൃഗങ്ങളെ ഭയപ്പെട്ട് കഴിയുന്ന കർഷകരെ രക്ഷിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

PV അൻവറിനെ UDF-ൽ എടുക്കുന്ന കാര്യം ഘടകകക്ഷികളുമായി ചർച്ച ചെയ്തു തീരുമാനിക്കുമെന്നും നിലമ്പൂരിൽ UDF സ്ഥാനാർഥിയെ പ്രഖ്യാപിക്കുന്നത് നോക്കിയിരിക്കുകയാണ് LDF എന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

താമരശ്ശേരി ഷഹബാസ് വധക്കേസിൽ ആറ് വിദ്യാർത്ഥികളുടെ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളി. കുറ്റാരോപിതരായ കുട്ടികൾക്ക് നേരെ സുരക്ഷാ ഭീഷണിയുണ്ടെന്ന് വിലയിരുത്തിയാണ് ജാമ്യാപേക്ഷ തള്ളിയത്.

✪✪✪

മൂന്നാർ ഇരവികുളം ദേശീയ ഉദ്യാനം സ്ഥാപിച്ച് 50 വർഷം തികയുന്നതിന്റെ ഭാഗമായി വരയാടുകളുടെ വിപുലമായ കണക്കെടുപ്പിന് വനംവകുപ്പ് തയ്യാറെടുക്കുന്നു. കേരളവും തമിഴ്നാടും സംയുക്തമായാണ് വരയാടുകളുടെ കണക്കെടുക്കുക.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

.......വോയ്സ്..........

കേരളത്തിലും തമിഴ്നാട്ടിലുമുള്ള സംരക്ഷിത വനമേഖലകൾക്ക് അകത്തും പുറത്തുമുള്ള വരയാടുകളുടെ ആവാസവ്യവസ്ഥ നിലനിൽക്കുന്ന മുഴുവൻ മേഖലകളിലും ഒരേസമയം കണക്കെടുപ്പ് നടത്തുന്നതിനാണ് ഇരു സംസ്ഥാനങ്ങളും ചേർന്ന് തീരുമാനിച്ചിരിക്കുന്നത്. കേരളത്തിലെ 89 സെൻസസ് ബ്ലോക്കുകളിലും തമിഴ്നാട്ടിലെ 176 സെൻസസ് ബ്ലോക്കുകളിലും തുടർച്ചയായി നാലുദിവസം കണക്കെടുപ്പ് നടത്തും. കണക്കെടുപ്പിനായി ക്യാമറ ട്രാപ്പുകളും ഉപയോഗിക്കും. പരിചയസമ്പന്നരായ വനംവകുപ്പ് ഉദ്യോഗസ്ഥരും വന്യജീവി കണക്കെടുപ്പിൽ പ്രാവീണ്യമുള്ള വോളണ്ടിയർമാരും ഉൾപ്പെടെ 1300 ഓളം പേരാണ് സെൻസസ് ടീമിലുള്ളത്.

സെൻസസ് ടീം അംഗങ്ങൾ അതാത് ബ്ലോക്കുകളിൽ ക്യാമ്പ് ചെയ്ത കണക്കെടുപ്പ് പൂർത്തീകരിക്കും.

അറേബ്യയിലും ഹിമാലയത്തിലും പശ്ചിമഘട്ടത്തിലും ആയി ലോകത്തിൽ തന്നെ ചുരുക്കം മേഖലകളിൽ മാത്രം കാണപ്പെടുന്ന നീലഗിരി താർ എന്ന വരയാടുകളുടെ ഏറ്റവും ആരോഗ്യപൂർണമായ ആവാസ വ്യവസ്ഥ നിലനിൽക്കുന്നത് മൂന്നാറിലെ ഇരവികുളം ദേശീയ ഉദ്യാനത്തിൽ ആണ്. വംശനാശ ഭീഷണി നേരിടുന്ന ഇവയുടെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് കൃത്യമായ കണക്കെടുപ്പ് നടത്തി സംരക്ഷണം ഉറപ്പാക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടികളിലേക്ക് സംസ്ഥാന വനം വകുപ്പ് നീങ്ങുന്നത്.

✪✪✪

വടക്കൻ ജില്ലകളിൽ നാളെ വരെ ചിലയിടങ്ങളിൽ അര മണിക്കൂർ വൈദ്യുതി നിയന്ത്രണം ഉണ്ടായേക്കുമെന്ന് KSEB അറിയിച്ചു. കക്കയം ജല വൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്കിൽ ചോർച്ച കണ്ടതിനെ തുടർന്ന് വൈദ്യുതി ഉത്പാദനം നിർത്തിവെച്ചതിനെ തുടർന്നാണിത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിഷിത കുമാരി*
*News Team:അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*